# ഭക്ഷണം കഴിക്കുമ്പോൾ

അബ്ദുൽ ജബ്ബാർ അബ്ദുല്ല

بِسْمِ اللهِ

അല്ലാഹുവിന്റെ നാമത്തിൽ (ഞാൻ ഭക്ഷിക്കുവാൻ ആരംഭിക്കുന്നു)

ഭക്ഷണം കഴിക്കുമ്പോൾ ഇപ്രകാരം ചൊല്ലുവാൻ നബിﷺ കൽപ്പിച്ചതായി ഇമാം തിർമുദി റിപ്പോർട്ട് ചെയ്ത ഹദീഥിലുണ്ട്. അൽബാനി ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചു.

ഹുദയ്ഫഃرضي الله عنهയിൽനിന്ന് നിവേദനം: ‘‘ഞങ്ങൾ നബിﷺയോടൊപ്പം ഭക്ഷണത്തിന് സന്നിഹിതരായാൽ തിരുമേനിﷺ കൈവെച്ച് ആരംഭിക്കുന്നതുവരെ ഞങ്ങൾ (ഭക്ഷണത്തിൽ) കൈവെക്കാറുണ്ടായിരുന്നില്ല. ഒരിക്കൽ ഞങ്ങൾ തിരുമേനിയോടൊപ്പം ഒരു ഭക്ഷണത്തിന് ഹാജരായി. അപ്പോൾ ഒരു പെൺകുട്ടി പിന്നിൽനിന്ന് തള്ളപ്പെടുന്നതുപോലെ വേഗത്തിൽ വരികയും ഭക്ഷണത്തിൽ കൈവെക്കുവാൻ അടുക്കുകയുമുണ്ടായി. ഉടൻ അല്ലാഹുവിന്റെ തിരുദൂതർﷺ അവളുടെ കൈ പിടിച്ചുവെക്കുകയുണ്ടായി. ശേഷം ഒരു ഗ്രാമീണൻ പിന്നിൽനിന്ന് തള്ളപ്പെടുന്നതുപോലെ വേഗത്തിൽ വരികയും ഉടൻ അല്ലാഹുവിന്റെ തിരുദൂതർﷺ അയാളുടെ കൈ പിടിച്ചുവെക്കുകയുമുണ്ടായി. അപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: ((നിശ്ചയം പിശാച്, ബിസ്മില്ലാഹ് ചൊല്ലപ്പെടാതിരിക്കുവാൻവേണ്ടി ഭക്ഷണത്തിൽ ഇടംനേടും. ഭക്ഷണത്തിൽ ഇടംനേടുന്നതിനാണ് അവൻ ഈ പെൺകുട്ടിയെ കൊണ്ടുവന്നത്. അപ്പോൾ ഞാൻ അവളുടെ കൈപിടിച്ചു. അപ്പോൾ അവൻ ഈ ഗ്രാമീണനെ കൊണ്ടുവന്നു. ഭക്ഷണത്തിൽ ഇടംനേടുന്നതിനാണ് അവൻ ഈ ഗ്രാമീണനേയും കൊണ്ടുവന്നത്. ഞാൻ അയാളുടേയും കൈപിടിച്ചു. അല്ലാഹുവാണെ സത്യം, നിശ്ചയം അവന്റെ കൈ എന്റെ കയ്യിൽ ഈ പെൺകുട്ടിയുടെ കയ്യിനോടൊപ്പമുണ്ട്.)) (മുസ്‌ലിം)